**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 684** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഖാദി ബോർഡിന്റെ സ്ഥലം വീണ്ടെടുക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പള്ളിച്ചൽ വില്ലേജിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള റീസർവ്വെ നമ്പർ 151/2-ൽപ്പെട്ട 17.20 ആർ സ്ഥലം വീണ്ടെടുക്കുന്നതിനായി ബോർഡ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പള്ളിച്ചൽ വില്ലേജിലെ തണ്ടപേർ നം.1204 പ്രകാരം പള്ളിച്ചൽ വില്ലേജിൽപ്പെട്ട ഇടക്കോട് ദേശത്തിലെ റീ സർവ്വേ നം.151/2-ൽപ്പെട്ട 17.20 ആർ സ്ഥലം ഖാദിബോർഡിൽ രജിസ്റ്റർ ചെയ്ത് തുടങ്ങിയ സർവ്വോദയ സംഘം വക വസ്തുവായതിനാൽ ഈ സ്ഥലം ഖാദി ബോർഡ് എന്ന പേരിലാണ് കിടക്കുന്നത്. ഈ വസ്തുവിൽ സമീപ പ്രദേശത്തുള്ള ആളുകൾ കൈയ്യേറി താമസം ആക്കിയിരിക്കുന്ന തിനാൽ, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ചെയർമാന്റെ പേരിൽ കൂടി ഈ വസ്തുവിന്റെ കരം ഒടുക്കി ഉടമസ്ഥാവകാശം ലഭ്യമാകേണ്ടതുണ്ട്. ബഹു:തദ്ദേശ സ്വയം ഭരണത്തിനായുള്ള ഓംബുഡ്സ്മാൻ 61/2011-ാം നമ്പർ കേസ്സിൽ 03-09-2013-ന് പുറപ്പെടുവിച്ച വിധി പ്രകാരം ടി വസ്തു ഖാദി ബോർഡിന്റേതാണെന്നും ടി വസ്തുവിൽ താമസിക്കുന്നവർ അനധികൃതമായാണ് താമസിക്കുന്നതെന്നും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്ഥാപിച്ചെടുക്കുന്നതിന് സിവിൽ കോടതിയെ സമീപിച്ച് തുടർനടപടി സ്വീകരിക്കാനും നിർദേശം നൽകിയിരുന്നു.<br><br>സിവിൽ കോടതിയെ സമീപിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് വില്ലേജ് ഓഫീസിൽ കരം ഒടുക്കുന്നതിനായി സമീപിച്ചു. എന്നാൽ വില്ലേജ് ഓഫീസർ ടി വിഷയം കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ തഹസിൽദാറിന്റെ റിപ്പോർട്ട് അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചു. തുടർ നടപടികൾക്കായി ഖാദി ബോർഡിൽനിന്ന് തഹസിൽദാറെ സമീപിപ്പിച്ചപ്പോൾ ടി വിഷയം കളക്ടറുടെ ഉത്തരവിനായി നൽകിയി രിക്കുന്നതിനാൽ തുടർ നടപടികൾക്ക് കലക്ടറേറ്റുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെടുന്നതിന് രസീത് നമ്പർ G1/29499/22 വഴി അറിയിച്ചിയിട്ടുണ്ട്.<br><br>ഡെപ്യൂട്ടി കളക്ടർ (ഭൂപരിഷ്കരണം)-ടെ നിർദേശാനുസരണം ഡെപ്യൂട്ടി കളക്ടർ (ഭൂപരിഷ്കരണം), ലാൻഡ് റിഫോംസ്, ഡെപ്യൂട്ടി തഹസിൽദാർ നെയ്യാറ്റിൻകര, സ്പെഷ്യൽ വില്ലേജ് ഓഫീസർ, പള്ളിച്ചൽ എന്നിവർ പങ്കെടുത്ത് ഹിയറിംഗ് നടത്തുകയും ടി ഹിയറിംഗിൽ ഖാദി ബോർഡിന് പള്ളിച്ചൽ വില്ലേജിലെ ഖാദി സർവോദയ സംഘം വസ്തുവിലുള്ള ക്ലെയിം സംബന്ധിച്ച് സംസാരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വസ്തു കയ്യേറി താമസിക്കുന്ന ആൾക്കാരുടെ വിലാസം കണ്ടെത്തി അവർക്ക് എങ്ങനെയാണ് ടി വസ്തു ലഭിച്ചതെന്ന് കാണിച്ച് നോട്ടീസ് നൽകാൻ ഡെപ്യൂട്ടി കളക്ടർ (ഭൂപരിഷ്കരണം) പള്ളിച്ചൽ സ്പെഷ്യൽ വില്ലജ് ഓഫീസറോട്ടും, ഭൂപരിഷ്കരണ വിഭാഗത്തിലെ സെക്ഷൻ ക്ലാർക്കിനും നിർദേശം നൽകി. ടി വസ്തു കയ്യേറി താമസിക്കുന്ന ആൾക്കാരെ കൂടി ഹിയറിംഗ് നടത്തി വിവരം അറിയിക്കാമെന്നും അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വസ്തു വീണ്ടെടുക്കുവാൻ ദീർഘനാളായിട്ടും സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇതിനായി ബോർഡ് സ്വീകരിക്കുന്ന തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | രേഖകൾ വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള കാലതാമസമാണ് നിലവിലുള്ളത്. ആയത് പരിഹരിച്ച് പ്രസ്തുത സ്ഥലം ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ ആക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ